പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 826 — 9/8/2017 ൽ മറുപടിക്ക്

**നല്ലയിനം കന്നുകുട്ടികളുടെ വിതരണം**

ചോദ്യം — മറുപടി

**ശ്രീ. ബി. ഡി. ദേവസ്സി** — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് വകുപ്പുതലത്തിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് ഇപ്പോൾ വിതരണം നടത്തുന്നുണ്ട്. കൂടാതെ കെ.എൽ.ഡി.ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്) മുന്തിയ ഇനം വിദേശ ജനുസ്സ് വിത്തുകാളകളുടെ ബീജമാത്രകളും ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളും (sex sorted semen) ഇറക്കുമതി ചെയ്തിട്ടുണ്ട്. ആയത് വകുപ്പിന്റെ കീഴിലുള്ള കന്നുകാലി വളർത്തൽ കേന്ദ്രങ്ങളായ ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്, ബഫല്ലോ ബ്രീഡിംഗ് ഫാം കുര്യോട്ടുമല, ജെഴ്സി ഫാം, വിതുര, ജെഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ എന്നീ കേന്ദ്രങ്ങളിൽ വിതരണം നടത്തി അത്യുത്പാദന ശേഷിയുള്ള കിടാരികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| ബി) | തുമ്പൂർമുഴി കന്നുകാലി ബ്രീഡിംഗ് സെന്ററിൽ വികസിപ്പിച്ചെടുത്ത ഉല്പാദനശേഷി കൂടിയ കന്നുകുട്ടികളെ ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് നൽകാനുള്ള സൗകര്യം ഏർപ്പെടുത്തുമോ? | ബി) | തുമ്പൂർമുഴി കന്നുകാലി പ്രജനന കേന്ദ്രത്തിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഫീൽഡ് പ്രോജനി ടെസ്റ്റിന്റെ ഭാഗമായി ഫ്രീസ് വാൾ ഇനത്തിൽപ്പെട്ട വിത്തുകാളകളിൽ നിന്നുള്ള പശുക്കുട്ടികളെയാണ് ഉത്പാദിപ്പിക്കുന്നത്. ആകെ ഒരു വർഷത്തിൽ ശരാശരി 100 പ്രസവത്തിനുള്ള സൗകര്യമാണ് നിലവിൽ ഫാമിലുള്ളത്. ഇതിൽ നിന്ന് ശരാശരി 50 പശുക്കുട്ടികളെയാണ് ഒരു വർഷം ഈ കേന്ദ്രത്തിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിയുന്നത്. ഇതിൽ 40 എണ്ണം ഫാമിലെ തന്നെ ഉത്പാദന ക്ഷമത കുറയുന്നവയെ മാറ്റുന്നതിനായി ആവശ്യമായി വരുന്നുണ്ട്. ശേഷിച്ച 10 കുട്ടികളെ നിലവിൽ മറ്റുസർക്കാർ ഫാമുകളിലേക്കും സർവ്വകലാശാല ഫാമുകളിലേക്കുമാണ് നൽകുന്നത്. തുമ്പൂർമുഴി കന്നുകാലി ബ്രീഡിംഗ് സെന്ററിൽ വികസിപ്പിച്ചെടുത്ത ഉല്പാദനശേഷി കൂടിയ കന്നുകുട്ടികളെ പ്രോജനി ടെസ്റ്റിംഗിന്റെ ഭാഗമായുള്ള പാലുല്പാദന വിശദാംശങ്ങൾ നൽകുവാൻ കഴിയുന്ന സമീപ പ്രദേശത്തെ ക്ഷീരകർഷകർക്ക് നൽകുന്നകാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻഓഫീസർ